| 13-09-2023 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

## മധുരമായ കുട്ടികളെ, നിങ്ങൾക്ക് ആരോടും ശത്രുത ഉണ്ടാകരുത് കാരണം, നിങ്ങൾ എല്ലാവരുടേയും മംഗളകാരിയാണ്. ശത്രുത വെക്കുന്നവരെ ഹാഫ്കാസ്റ്റ് (പകുതി) ബ്രാഹ്മണൻ എന്നാണ് പറയുക.

**ചോദ്യം** – ഏത് സ്മൃതി ബുദ്ധിയിൽ സദാ ഉണ്ടെങ്കിൽ നിർഭയരായി മാറാം?
**ഉത്തരം** – സദാ സ്മൃതിയുണ്ടായിരിക്കണം, നാം സത്യഖണ്ഡത്തിന്റെ അധികാരി ദേവീദേവതകളായി മാറിക്കൊണ്ടിരിക്കുകയാണ്. ശരീരത്തെ ആരെങ്കിലും കൊന്നാലും ആത്മാവിനെ ആർക്കും കൊല്ലാൻ സാധിക്കില്ല. വെടിയുണ്ട ശരീരത്തിനാണ് ഏൽക്കുന്നത്. ഞാൻ ആത്മാവ് പൊയ്ക്കൊണ്ടിരിക്കുകയാണ് ബാബയുടെ അടുക്കലേക്ക്, നമുക്കെന്തു ഭയം. നമ്മൾ ഇരിക്കുമ്പോൾ മേൽക്കൂര താഴെ വീണാലും, നമ്മൾ ബാബയുടെ അടുക്കലേക്കു പോകും. ഇതിൽ ഭയത്തിന്റെ കാര്യമില്ല. ഇങ്ങനെ നിർഭയരായി മാറണം.

**ഗീതം** – മാതാ ഓ മാതാ...

**ഓം ശാന്തി** – കുട്ടികൾ ജഗദംബയുടെ മഹിമ കേട്ടു. ഇപ്പോൾ മനുഷ്യർ കേവലം പാടിക്കൊണ്ടിരിക്കുകയാണ് ജഗദംബയുടെ മേള നടത്തികൊണ്ടിരിക്കുകയാണ്. ഇത് പിന്നെ സംഗമമാണ്. കുട്ടികളും ബാബയും തമ്മിലുള്ള മേള. അച്ഛനുണ്ടെങ്കിൽ തീർച്ചയായും അമ്മയും ഉണ്ട്. ഭാരതത്തിൽ ജഗദംബയുടെ ജീവിത കഥ ആരും അറിയുന്നില്ല. ജഗത്തിനെ സൃഷ്ടിച്ചു അതായത് ജഗത്തിനെ രചിക്കുന്നത് ജഗദംബയാണ്. ജഗദംബയുടെ ക്ഷേത്രവുമുണ്ട്. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് വിവേകം ലഭിച്ചു കഴിഞ്ഞു, ജ്ഞാനത്തിന്റെ മൂന്നാമത്തെ നേത്രം ലഭിച്ചിരിക്കുകയാണ്. ഇപ്പോൾ നിങ്ങൾ കുട്ടികൾക്കറിയാം ആരുടെ ഓർമ്മചിഹ്നമാണ് ഉണ്ടാക്കിയിരിക്കുന്നത്, തീർച്ചയായും അവർ സംഗമയുഗത്തിൽ ഉണ്ടായിരുന്നു. ഇവരെ ജഗദംബ എന്ന് പറയുന്നു. ജഗത്പിതാവ്, പ്രജാപിതാവാണല്ലോ.

ഈ പരിധിയില്ലാത്ത ഡ്രാമയുടെ ആദി മദ്ധ്യ അന്ത്യം എന്താണ്, മുഖ്യമായ ആക്ടേഴ്സ് ആരെല്ലാമാണ് ഇതാരും അറിയുന്നില്ല. ഹീറോ ഹീറോയിനും അഭിനേതാവാണല്ലോ. കേവലം രണ്ടാളല്ല. അവർക്ക് സേനയുണ്ടാവും. ജഗദംബക്കും സേനയുണ്ട് അവരേയും ശക്തികളെന്നാണ് പറയപ്പെടുന്നത്. ശക്തിസേന പ്രശസ്തമാണ്. ശക്തികൾ എവിടെനിന്നാണ് ലഭിച്ചത്? തീർച്ചയായും സർവ്വശക്തിവാൻ പരംപിതാ പരമാത്മാവിൽനിന്നും ശക്തി എടുത്തിട്ടുണ്ടാകും. – ഇത് എല്ലാവരും അംഗീകരിക്കുന്നുണ്ട് ഉയർന്നതിലും ഉയർന്നത് ഭഗവാനാണ്. സത് ശ്രീ അകാൽ എന്നു പറയും. അകാലികൾ നിരാകാരനെ അംഗീകരിക്കുന്നുണ്ട്. സിക്ക് ഗ്രന്ഥം ഗുരു നാനാക്കിനെ മാനിക്കുന്നു. ഗുരു നാനാക്ക് ദേവനെന്ന് പറയുന്നു. അവരുടെ മതത്തിൽ പത്ത് ചക്രവർത്തിമാരുടെ പേര് വ്യത്യസ്തമാണ്. ചിലർക്ക് സിങ്ങ് , ചിലർക്ക് ദാസ്, ചിലർക്ക് ചന്ദ് എന്നും പേരുണ്ട്. എല്ലാവരുടെ പേരും വ്യത്യസ്തമാണ്. അകാലി എന്നവർ അകാലമൂർത്തിയെ മാനിക്കുന്നു. സത് ശ്രീ അകാൽ – ഇതാരുടെ മഹിമയാണ്? പരമാത്മാവിന്റെ മഹിമയാണ്. സത്യം കേവലം ഒരു ശ്രീ ശ്രീ അകാലമൂർത്ത് പരമാത്മാവു തന്നെയാണ് തെളിയിക്കുന്നു. നിങ്ങൾക്ക് പറയാൻ സാധിക്കും സത്യം ശ്രീ അകാലനാണ്. നിങ്ങൾ ആ ആളെ അറിഞ്ഞു. അവർ കേവലം വാക്കുകൾ മാത്രം പറയുന്നു, അർത്ഥം ഒന്നും അറിയുന്നില്ല. സത്യമായ ശ്രീ അകാൽ മൂർത്തിയുടെ ബയോഗ്രഫിയും നിങ്ങളറിഞ്ഞു. വിചാരസാഗരമനനവും നിങ്ങൾ കുട്ടികൾക്കാണ് ചെയ്യേണ്ടത്. ബാബ ജ്ഞാനത്തിന്റെ സാഗരനാണ്. ബാബ ജ്ഞാനത്തിന്റെ കലശം മാതാക്കൾക്കാണ് കൊടുത്തിരിക്കുന്നത്. ഇതാണ് വലിയ അമ്മ. നിങ്ങളെല്ലാവരും അനേക മാതാക്കളാണ്. ജഗദംബയുടെ അനേക കുട്ടികളാണ്. ഇത് ജഗദംബയാണ് പിതാവും ഉണ്ട്. നിങ്ങൾക്കറിയാം ഈ ജഗദംബ ആരാണ്. ആരുടെ കുട്ടിയാണ്? മനുഷ്യർക്ക് എട്ടോ പത്തോ കൈകളില്ല. ഇത്രയും കൈകൾ എന്തിനാണ് കൊടുത്തിരിക്കുന്നത് – ഇതാർക്കും അറിയുന്നില്ല. ഉയർന്നതിലും ഉയർന്നത് സത്യമായ പരമാത്മാവാണ്. നിങ്ങൾ കുട്ടികൾക്ക് മനസ്സിലാക്കിത്തന്നുകഴിഞ്ഞു – പരംപിതാ പരമാത്മാവിനെയാണ് രൂപ് ബസന്ത് എന്ന് പറയുന്നത്, രൂപ് ആണ് പിന്നെ ബസന്ത് ആണ്, ജ്ഞാനത്തിന്റെ സാഗരനാണ്. ഇത്രയും ചെറിയ നക്ഷത്രം എന്നാൽ ജ്ഞാനത്തിന്റെ സാഗരനുമാണ്. അത്ഭുതമല്ലേ. കുട്ടികൾക്ക് മനസ്സിലാക്കിത്തന്നുകഴിഞ്ഞു ബാബ ബിന്ദുരൂപമാണ്. ബാബയിൽ മുഴുവൻ പാർട്ടും അടങ്ങിയിട്ടുണ്ട് ഭക്തിമാർഗത്തിൽ ഭക്തരുടെ ഭാവന പൂർത്തീകരിക്കുന്നു. ഇതെല്ലാം ഡ്രാമയിൽ അടങ്ങിയതാണ്. ഏത് സമയത്ത് ആർക്കെന്തു ഭാവനയാണോ അത് ഡ്രാമയിൽ ആദ്യംതന്നെ അടങ്ങിയതാണ്. നിങ്ങളുടെ ഈ പഠിപ്പും ഡ്രാമയിൽ അടങ്ങിയതാണ്. അത് ആവർത്തിച്ചുകൊണ്ടിരിക്കുകയാണ്. മനസ്സിലാക്കേണ്ട കാര്യ

മല്ലേ. നിങ്ങൾക്ക് നല്ലരീതിയിൽ മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കും – ഉയർന്നതിലും ഉയർന്ന ഭഗവാനെന്ന് എല്ലാവരും പറയുന്നുണ്ട്. നിരാകാരനാണ് , നിർഭയനാണ്, നിർവൈരിയാണ്... ബാബക്ക് ആരുടെ അടുക്കലും ശത്രുതയില്ല. നിങ്ങൾക്കും ആരോടും ശത്രുതയില്ല. നിങ്ങൾ എല്ലാവരുടേയും കല്യാണകാരിയാണ്. അഥവാ ആരോടെങ്കിലും ശത്രുതയുണ്ടെങ്കിൽ അവരെ ഹാഫ് കാസ്റ്റെന്നു പറയും. പകുതി ശൂദ്രൻ, പകുതി ബ്രാഹ്മണൻ. ഈ വികാരങ്ങളുടെ ക്ലാവ് കംപ്ളീറ്റ് ആയി പോകുമ്പോൾ പറയാം സത്യമായ ബ്രാഹ്മണനെന്ന്. ഇപ്പോൾ പകുതി പകുതിയാണ്. കലിയുഗീതമോപ്രധാനമായ സംസ്കാരം നിറഞ്ഞിരിക്കയാണ്, അതിനെ ഇല്ലാതാക്കണം. ഇപ്പോൾ നിങ്ങളെ ദേവതയെന്നോ ശൂദ്രനെന്നോ പറയില്ല. ഇടയിലുള്ള ബ്രാഹ്മണനാണ്. അതും സമ്പൂർണ്ണമായി  മാറിയിട്ടില്ല. ജഗദംബയെ ദേവത എന്ന് പറയാൻ പറ്റില്ല. ജഗദംബയും എപ്പോഴാണോ സമ്പൂർണ്ണമായി മാറുക, അതിനുശഷം ദേവതയായി മാറും. ഇപ്പോൾ ബ്രാഹ്മണനാണ്. ബ്രഹ്മാവിന്റെ പുത്രിയാണ് സരസ്വതി. പക്ഷേ ഇതാർക്കും അറിയുന്നില്ല. ബ്രഹ്മാവ് എപ്പോഴാണ് വന്ന് ബ്രഹ്മാമുഖവംശാവലി രചന നടത്തിയത്? അവരെയാണ് ശക്തിസേന എന്ന് പറയുന്നത്. നിങ്ങൾക്കറിയാം ഉയർന്നതിലും ഉയർന്ന ബാബ, പരംപിതാ പരംധാമത്തിലാണ് വസിക്കുന്നത്. കേവലം സൂക്ഷ്മവതനത്തിലാണ് ബ്രഹ്മാ വിഷ്ണു ശങ്കർ. പ്രവർത്തിമാർഗ്ഗമായതുകാരണം അവരേയും ജോഡിയായാണ് കാണിക്കുന്നത്. വിഷ്ണുവിനെ പൂർണ്ണമായും ജോഡിയായി കാണിക്കുന്നു. ഇതെല്ലാം ബുദ്ധിയിലുണ്ടായിരിക്കണം. മനുഷ്യർ പറയും ഞങ്ങൾ അഭിനേതാക്കളാണ് എങ്കിൽ മനുഷ്യർക്ക് ഡ്രാമയുടെ ആദിമദ്ധ്യഅന്ത്യത്തേക്കുറിച്ച് അറിയേണ്ടതല്ലെ, ഉയർന്നതിലും ഉയർന്ന ഭഗവാൻ ആരാണ്? ബ്രഹ്മാ വിഷ്ണു ശങ്കർ ആരാണ്. എന്താ ഇനിയും എട്ടോ പത്തോ നൂറോ കൈകൾ ഉള്ളവർ ആരെങ്കിലുമുണ്ടോ? ഇല്ല, ഇതെല്ലാ ചിത്രങ്ങളും വ്യർത്ഥമാണ്. ബ്രഹ്മാവിനു 100 കൈകൾ കാണിക്കുന്നു. ഇപ്പോൾ ഇതു പ്രജാ പിതാവാണ്. 100 കൈകളുടെ കാര്യമേയില്ല. ഇതെല്ലാം തെറ്റാണ്. വാസ്തവത്തിൽ എന്താണ് ശരി, അത് മനസ്സിലാക്കണം. ഉയർന്നതിലും ഉയർന്ന ഭഗവാൻ പരംധാമത്തിലാണ് ഇരിക്കുന്നത്. അതും നക്ഷത്രമാണ്. വിഷ്ണുവിനും 4 കൈകൾ കാണിക്കുന്നു. രണ്ടു കൈ ലക്ഷ്മിയുടെ 2 കൈ നാരായണന്റെ. എങ്ങനെയാണോ രാവണന് 10 തല കാണിക്കുന്നത്, 5 സ്ത്രീയുടെ വികാരം, 5 പുരുഷന്റെ. മുഖ്യമായ ആദ്യത്തെ വികാരമാണദീർഘവീക്ഷണ ബുദ്ധി

ˇ ദേഹാഭിമാനം. പിന്നീട് മറ്റുള്ള വികാരങ്ങൾ നമ്പർവാർ വരും. സൂക്ഷ്മവതനവാസി ബ്രഹ്മാവാണെങ്കിൽ അവ്യക്തമാണ്. പ്രജാപിതാബ്രഹ്മാവ് ഇവിടെയാണ് വേണ്ടത്. എപ്പോഴാണോ സമ്പൂർണ്ണമായി മാറുന്നത്, അപ്പോൾ സൂക്ഷ്മവതനത്തിലെ ഫരിസ്തയായി മാറും. നിങ്ങളും ഫരിസ്തയായി മാറും. അവിടെ നിങ്ങളുടെ ശരീരത്തിന് എല്ലും മാംസവുമൊന്നും ഇല്ല. അവരെയാണ് ഫരിസ്ത എന്ന് പറയുന്നത്. പ്രജാപിതാ ബ്രഹ്മാവ് ഇവിടെയാണ്. പിന്നീട് വിഷ്ണു, രണ്ടു രൂപത്തിൽ പാലന ചെയ്യും. ശങ്കർ സൂക്ഷ്മവതനത്തിലാണ്. ഇത് വലിയ മനസ്സിലാക്കേണ്ട കാര്യമാണ്. ഇത്രയും ദീർഘവീക്ഷണ

ബുദ്ധി ആർക്കും ഇല്ല. നിങ്ങളുടെ ബുദ്ധി ഒരൊറ്റയടിക്ക് മൂലവതനത്തിലേക്കും, സൂക്ഷ്മവതനത്തിലേക്കും പോയി. സൂക്ഷ്മവതനം ഇപ്പോൾ രചിച്ചതാണ്. ബ്രഹ്മാവിഷ്ണുശങ്കറിനേയും ഇപ്പോൾ രചിച്ചതാണ്. ഇപ്പോൾവരേക്കും പോകാനും വരാനും സാധിക്കും. ഉയർന്നതിലും ഉയർന്ന ഭഗവാൻ. പിന്നെ ബ്രഹ്മാ, വിഷ്ണു, ശങ്കർ. പിന്നീടാണ് ഈ മനുഷ്യസൃഷ്ടിയിൽ ദേവീദേവതകൾ. ബാക്കി എട്ടോ പത്തോ കൈകളുള്ള ചണ്ഢികാദേവിയൊന്നും ഇല്ല. ഇത്രയും ചിത്രങ്ങൾ എവിടെനിന്നുവന്നു? നിങ്ങൾക്ക് ഒരു ആയുധങ്ങളും ഇല്ല. ഇതെല്ലാം ഹിംസിക്കുന്ന ആയുധങ്ങളാണ് ഉണ്ടാക്കിയിരിക്കുന്നത്. ദേവതകളാണെങ്കിലോ ഡബിൾ അഹിംസകരാണ്. സൂക്ഷ്മവതനത്തിൽ ആർക്കും ആയുധങ്ങളൊന്നും ഇല്ല. ചിത്രങ്ങളിൽ എത്ര ആയുധങ്ങളാണ് കൊടുത്തിരിക്കുന്നത്. ഇതിനെയാണ് പറയുന്നത്, ബൊമ്മപൂജയെന്ന്. കർത്തവ്യവും ആർക്കും അറിയുന്നില്ല. ബാബ വന്ന് ബ്രഹ്മാവിലൂടെ പുതിയ രചന ചെയ്യുന്നു. അപ്പോൾ ഉയർന്നവർ തന്നെയായല്ലോ. നിങ്ങളാണെങ്കിൽ ബാബയുടെ സന്താനങ്ങൾ പേരമക്കളാണ്. മനസ്സിലാക്കുന്നവർ മനസ്സിലാക്കും. എന്നിട്ടും ഇത് മനസ്സിലാക്കുന്നില്ല. എല്ലാവർക്കും മരണമുണ്ട്. ഇപ്പോഴും എത്രപേരാണ് മരിച്ചുകൊണ്ടിരിക്കുന്നത്. പത്രങ്ങളിലൊന്നും പൂർണ്ണമായും കാണിക്കുന്നില്ല, പേരുതന്നെ ചീത്തയാകില്ലേ. വളരെയധികം പേരും വിശന്നു മരിക്കുന്നു. ഒരു നേരത്തെ ആഹാരം പോലും പ്രയാസപ്പെട്ടിട്ടാണ് ലഭിക്കുന്നത്. നിങ്ങൾ കുട്ടികൾ അറിഞ്ഞു, സത്യയുഗത്തിൽ ലക്ഷ്മീനാരായണന്റെ രാജ്യമാണ് നടക്കുന്നത്. രണ്ടു കൈകളുള്ള മനുഷ്യരാണ്. ബാക്കി സത്യയുഗത്തിൽ എട്ടോ പത്തോ കൈകളുള്ള ദേവിമാരില്ല. രണ്ടാമത്തെ നമ്പറാണ് രാമനും സീതയും. അവരും ഇവിടുത്തെ രാജയോഗത്തിലൂടെ പദവി പ്രാപ്തമാക്കിയതാണ്. എത്ര സഹജമായി മനസ്സിലാക്കേണ്ട കാര്യമാണ്. ബാബ പറയുകയാണ് നിങ്ങൾ വളരെ വേദശാസ്ത്രങ്ങളെല്ലാം പഠിച്ചു, ഇപ്പോൾ നിങ്ങൾ എന്നിൽനിന്നു കേൾക്കൂ പിന്നെ നിർണ്ണയം ചെയ്യൂ – ഞാൻ നിങ്ങളെ സത്യമാണ് കേൾപ്പിക്കുന്നത്, അതോ അവരാണോ സത്യം കേൾപ്പിക്കുന്നത്? അഥവാ അവരാണ് സത്യം കേൾപ്പിക്കുന്നതെങ്കിൽ നിങ്ങൾ സത്യനാരായണന്റെ കഥയിലൂടെ എന്തുകൊണ്ട് സത്യനാരായണനായി മാറിയില്ല?

ഇപ്പോൾ നിങ്ങൾ പ്രാക്ടിക്കലായി സത്യബാബയിലൂടെ സത്യകഥ കേട്ടുകൊണ്ടിരിക്കുകയാണ് – നാരിയിൽനിന്ന് ലക്ഷ്മിയും, നരനിൽനിന്ന് നാരായണനായി മാറുന്നതാണ് ഈ കഥ. തീർച്ചയായും പ്രജകളും ഉണ്ടാകും. കേവലം ലക്ഷ്മീനാരായണൻ മാത്രം വന്ന് സിംഹാസനത്തിലിരിക്കുമോ? ദേവീ ദേവതകളുടെ രാജധാനിയുടെ സ്ഥാപന ചെയ്തുകൊണ്ടിരിക്കുന്നു. അവർ വീണ്ടും വന്ന് സത്യയുഗത്തിൽ രാജ്യം ഭരിക്കും. അവിടെയുള്ളവർ പവിത്ര രാജാക്കന്മാരാണ്. സത്യയുഗത്തെ പവിത്രഭൂമി എന്നാണ് പറയുക, ഇതിനെ അപവിത്രഭൂമി എന്ന് പറയും. വളരെ പഴയതും പതീതവുമായി മാറി. പുതിയത് പഴയതായി മാറുകതന്നെ ചെയ്യും. ശരീരം ആദ്യം പുതിയത്, പിന്നീട് പഴയതാകുന്നു. ഇതും ബുദ്ധിയിൽ വെക്കണം. മനുഷ്യരായിട്ടും ഡ്രാമയുടെ ആദിമദ്ധ്യഅന്ത്യം അറിയുന്നില്ല. നിങ്ങൾക്കറിയാം ഉയർന്നതിലും ഉയർന്ന ശിവബാബ മൂലവതനത്തിലാണ് ഇരിക്കുന്നത്. ആ ലോകത്തെ നിരാകാരിലോകമെന്ന് പറയും. ആത്മാക്കൾ ബിന്ദുക്കളായിട്ടാണ് ഇരിക്കുന്നത്. പക്ഷേ ബിന്ദുരൂപമാണെങ്കിൽ എങ്ങനെ മനസ്സിലാക്കാൻ സാധിക്കും? ബിന്ദുവിന്റെ പൂജ എങ്ങനെ ചെയ്യും? തിലകം എങ്ങനെ ചാർത്തും? ബാബ അമർനാഥിലും പോയിട്ടുണ്ടായിരുന്നു. ബാബ മുഴുവൻ കണ്ടുവന്നിട്ടുണ്ടായിരുന്നു എങ്ങിനെയാണ് ശിവലിംഗം ഉണ്ടാക്കുന്നത്. പറയാറുണ്ട് ശങ്കർ പാർവ്വതിക്ക് കഥ കേൾപ്പിച്ചു. ഇപ്പോൾ പാർവ്വതിക്ക് ഏത് ദുർഗ്ഗതിയാണ് പ്രാപിച്ചിരിക്കുന്നത് ഈ കഥ കേൾപ്പിക്കാൻ? വാസ്തവത്തിൽ നിങ്ങളെല്ലാവരും പാർവ്വതിമാരാണ്. നിങ്ങൾ ജനനമരണത്തിലേക്ക് വന്നിരിക്കുന്നു. ഇപ്പോൾ സത്ഗതി പ്രാപിക്കുന്നതിനുവണ്ടി കഥ കേട്ടുകൊണ്ടിരിക്കുകയാണ്. അവരോടു ചോദിക്കൂ ശിവലിംഗം എവിടെയാണ്? അപ്പോൾ പറയും ശിവലിംഗം താനെയുണ്ടായതാണ്. ഹേയ്, അതെങ്ങിനെ സംഭവിക്കും? അവിടെ പ്രാവിനേയും കാണിക്കുന്നുണ്ട്. പ്രാവിന് ഒരിക്കലും സംസാരിക്കാൻ പഠിക്കാനാവില്ല. തത്തയെ സംസാരിക്കാൻ പഠിപ്പിക്കാറുണ്ട് അത് സംസാരിക്കുകയും ചെയ്യും. ഉരുവിടാറുണ്ട്. നിങ്ങളാണ് ജ്ഞാനം ഉരുവിടുന്നത്. ബാബ മനസ്സിലാക്കിത്തരികയാണ് ഉയർന്നതിലും ഉയർന്ന ശിവബാബ പിന്നെ ബ്രഹ്മാ വിഷ്ണു ശങ്കർ. പ്രവർത്തിമാർഗ്ഗത്തെ കാണിക്കുന്നതിനുവേണ്ടി വിഷ്ണുവിന് 4 കൈകൾ കാണിക്കുന്നു. ഇവിടെ മനുഷ്യസൃഷ്ടിയിൽ ഉയർന്നതിലും ഉയർന്നത് ലക്ഷ്മീനാരായണനും അവരുടെ രാജധാനിയും പിന്നീട് രാമനും സീതയുടെ രാജവംശവും. ഈ പവിത്രമായ രാജവംശം അവസാനിക്കുന്നു. പിന്നീട് രാവണരാജ്യം ആരംഭിക്കുന്നു. എല്ലാവർക്കും പതീതമായി മാറുകതന്നെ വേണം. പിന്നാലെ പിന്നാലെ പുതിയ ആത്മാക്കൾ വരുമ്പോൾ അവരുടെ കുറച്ച് പ്രഭാവം ഉണ്ടാകും ചിലർക്ക് സതോപ്രധാനതയുടെ. ചിലർക്ക് രജോ – തമോയുടെ പാർട്ടാണ്. ഇത് പരിധിയില്ലാത്ത ഡ്രാമയാണ്. മനുഷ്യർ മനുഷ്യർ തന്നെയാണ് ബാക്കിയെല്ലാം ബൊമ്മ പൂജയാണ്. നിങ്ങളെല്ലാം അഭിനേതാക്കളല്ലേ. ഇപ്പോൾ നിങ്ങൾ മനുഷ്യനിൽനിന്നും ദേവതകളായി മാറിക്കൊണ്ടിരിക്കുന്നു. പഠിപ്പിലൂടെ മനുഷ്യർ എത്ര ഉയർന്ന പദവിയാണ് പ്രാപ്തമാക്കുന്നത്. ഇതും പഠിപ്പാണ് ഇതിലൂടെ നിങ്ങൾ രാജ്യപദവി പ്രാപ്തമാക്കുന്നു. ഇങ്ങിനെയുള്ള പഠിപ്പ് വേറെ എവിടെയും ഉണ്ടാകില്ല. അവിടെ രാജകുമാരനും രാജകുമാരിയും പ്രാലബ്ധം എടുത്തുകൊണ്ടാണ് വരുന്നത്. നിങ്ങളിവിടെ പ്രാലബ്ധം ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. ഭാവിയിലെ സത്യയുഗത്തിലേക്ക് വേണ്ടി എത്ര ഉയർന്ന സഹജമായ നോളേജാണ് – സെക്കന്റിൽ ജീവന്മുക്തി. നാം പരിധിയില്ലാത്ത ബാബയുടെ കുട്ടിയാണ്. ഈശ്വരീയ മടിത്തട്ടിലാണ്. ഈശ്വരീയ മടിത്തട്ട് ആരുപേക്ഷിക്കും?

ഈ ഡ്രാമയുടെ ആദിമദ്ധ്യഅന്ത്യത്തെ മനസിലാക്കണം. ബാബ യഥാർത്ഥരീതിയിൽ മനസ്സിലാക്കിത്തരികയാണ്. ആരെയാണോ മനുഷ്യസൃഷ്ടിയുടെ ബീജരൂപനെന്ന് പാടപ്പെടുന്നത്. സത് – ചിത്ത് – ആനന്ദസ്വരൂപനെന്ന് പറയപ്പെടുന്നത് തീർച്ചയായും ആ ആൾ വരും സമ്പത്ത് കൊടുക്കില്ലേ. നിങ്ങൾ സത്യമായ ഖണ്ഡത്തിന്റെ അധികാരി ദേവീദേവതകളായി മാറുകയാണ്. ഒരു ഭയത്തിന്റേയും കാര്യമില്ല. ഇവിടെയാണെങ്കിൽ എത്ര ഭയമാണുണ്ടായിക്കൊണ്ടിരിക്കുന്നത്, ആരെങ്കിലും ആക്രമിക്കുമോ എന്ന്. നിങ്ങൾക്ക് പൂർണ്ണമായും നിർഭയരായിരിക്കണം. ശരീരത്തിനെ ആരെങ്കിലും കൊന്നാലും ആത്മാവിനെ ആർക്കും കൊല്ലാൻ സാധിക്കില്ല. നിർഭയരാകാനുള്ള വിവേകം ലഭിച്ചു. ബാബയും നിർഭയനാണ് കുട്ടികളും നിർഭയരാണ്. വെടിയുണ്ട ശരീരത്തിനാണ് ഏൽക്കുന്നത്. ഞാൻ ആത്മാവ് പൊയ്ക്കൊണ്ടിരിക്കുന്നു ബാബയുടെ അടുത്തേക്ക്, ഞങ്ങൾക്കെന്തു ഭയം. ഇരിക്കുമ്പോൾ മേൽക്കൂര വീണാലും, ഞങ്ങൾ ബാബയുടെ അടുക്കലേക്ക് പോകും. നിർഭയരാകാൻ സമയമെടുക്കും. നിങ്ങൾ ജഗദംബയുടെ കുട്ടികൾ ശിവശക്തി സേനകളാണ്. ഒരാളുടെ മഹിമയല്ല. നിങ്ങളും കൂടെയുണ്ട്. ഇത് കമാന്ററാണ്. നിങ്ങളെ ആത്മീയ ഡ്രിൽ പഠിപ്പിക്കുകയാണ്. നിങ്ങൾ ബാബയുടെ കുട്ടികളാണ്. ഭാഗ്യനക്ഷത്രങ്ങളാണ്. ഈ സരസ്വതിയും ഭാഗ്യനക്ഷത്രമാണ്. ബ്രഹ്മാവിന്റെ പുത്രിയല്ലേ. ആ ജ്ഞാനസൂര്യന്റെ ചന്ദ്രനാണ് ഈ ബ്രഹ്മാവ്. പക്ഷേ പുരുഷനായതുകാരണം മാതാക്കൾക്ക് കലശം വച്ചുകൊടുത്തു. ശരി,

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണക്കുള്ള മുഖ്യസാരം -

1) കലിയുഗീ തമോപ്രധാന സംസ്കാരത്തെ മാറ്റി സത്യബ്രാഹ്മണനായി മാറണം. ആരോടും ശത്രുത വെക്കരുത്.

2) നിർഭയരായി മാറുന്നതിനുവേണ്ടി ആത്മാഭിമാനിയായിരിക്കാനുള്ള അഭ്യാസം ചെയ്യണം. ഞങ്ങൾ ശിവ ശക്തിസേനയാണ്, ഞങ്ങൾക്ക് സത്യഖണ്ഡത്തിന്റെ അധികാരിയായി മാറണം - ഈ ലഹരിയിലിരിക്കണം.

## വരദാനം - കലിയുഗീ വായുമണ്ഡലത്തിനുള്ളിൽ ഇരുന്നും അതിന്റെ പ്രകമ്പനങ്ങളിൽ നിന്നും സുരക്ഷിതരായിരിക്കുന്ന സ്വരാജ്യാധികാരിയായി ഭവിക്കട്ടെ.

ആരുടെ കർമ്മേന്ദ്രിയങ്ങളാണോ സ്വയത്തിലേക്ക് ആകർഷിക്കപ്പെടാതെ സദാ ഒരേയൊരു ബാബയിലേക്ക് മാത്രം ആകർഷിതമായിരിക്കുന്നത് അവരേയാണ് സ്വരാജ്യാധികാരി എന്ന് പറയുന്നത്. ഏതൊരു വ്യക്തിയിലേക്ക് അഥവ വസ്തുവിലേക്ക് ആകർഷിതരാകില്ല. ഇങ്ങനെയുള്ള രാജ്യാധികാരികൾ തന്നേയാണ് തപസ്വികൾ, അവർ ഹംസങ്ങളും കൊറ്റികളുമുള്ള കലിയുഗീ വായുമണ്ഡലത്തിൽ വസിച്ചും സദാ സുരക്ഷിതരായിരിക്കും. ഈ ലോകത്തിന്റെ പ്രകമ്പങ്ങൾ അൽപ്പം പോലും അവരെ ആകർഷിക്കുന്നില്ല. എല്ലാ പരാതികളും സമാപ്തമാകുന്നു.

## സ്ലോഗൻ - മോശമായതിനെ നല്ലതായി പരിവർത്തനപ്പെടുത്തുന്നത് തന്നെയാണ് ഉന്നത ബ്രാഹ്മണരുടെ ശ്രേഷ്ഠശക്തി.